## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.3224 10.12.2018 -ൽ മറുപടിയ്ക്ക്

### ദുരന്ത നിവാരണം, ട്രാഫിക് നിയമങ്ങൾ, പ്രഥമ ശുശ്രൂഷ എന്നിവ പാഠ്യപദ്ധതിയിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ | പ്രൊഫ: സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) നിരത്തുകളിൽ ഉണ്ടാകുന്ന അപകടങ്ങളിൽ ഭൂരിഭാഗവും ട്രാഫിക് നിയമങ്ങൾ പാലിക്കാത്തത് കൊണ്ടുള്ളതാണെന്നതിനാൽ പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ ദുരന്ത നിവാരണം, ട്രാഫിക് നിയമങ്ങൾ, പ്രഥമ ശുശ്രൂഷ എന്നിവ സംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) പത്താംതരം വരെയുള്ള വിവിധ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ദുരന്ത നിവാരണം, ട്രാഫിക് നിയമങ്ങൾ, പ്രഥമ ശുശ്രൂഷ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) ദുരന്തനിവാരണത്തെക്കുറിച്ചും ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനെക്കുറിച്ചും പ്രഥമശുശ്രൂഷ നൽകുന്നതിനെക്കുറിച്ചും വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) പ്രഥമ ശുശ്രൂഷ മാർഗ്ഗങ്ങളെയും രീതികളെയും സംബന്ധിച്ച് വളരെ വിശദമായ ഉള്ളടക്ക ഭാഗങ്ങൾ വിവിധ ക്ലാസുകളിലെ ആരോഗ്യ കായിക വിദ്യാഭ്യാസം ആക്ടിവിറ്റി ബുക്കിലും, ബയോളജി പാഠപുസ്തകങ്ങളിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനെ സംബന്ധിച്ച് വിവിധ ക്ലാസ്സുകളിലെ സാമൂഹ്യ പാഠപുസ്തകങ്ങളിലും ആരോഗ്യ കായിക വിദ്യാഭ്യാസ പുസ്തകങ്ങളിലും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ കുട്ടികൾക്ക് അധിക വായനക്കായി എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ ദുരന്ത നിവാരണ മാർഗ്ഗങ്ങളെ സംബന്ധിച്ച് ഒരു റഫറൻസ് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ